ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ലഭ്യതയും മുൻഗണനാക്രമവുമനുസരിച്ച് നിർമ്മാണ നടപടികളും സ്വീകരിക്കുന്നതാണ്.

കല്ലായി-കുറ്റിപ്പുറം ഗവ. യു. പി. സ്കൂളിന് ഒരു കോംപൗണ്ടുവാൾ

950. [1391] ശ്രീ. കെ. ടി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കല്ലായി കുറ്റിപ്പുറം ഗവ. യു. പി. സ്കൂളിന് ഒരു കോംപൗണ്ട് വാൾ നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

സാമ്പത്തിക ലഭ്യതയനുസരിച്ച് ആവശ്യകതയും കണക്കിലെടുത്തു അപേക്ഷ ലഭിച്ചാൽ നടപടികളും സ്വീകരിക്കുന്നതാണ്.

മുളംതുരുത്തി ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടംപണി

951. [1393] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളംതുരുത്തി ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം ലഭ്യമായി ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്.

പിറവം ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം

952. [1394] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം പണിയണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തികലഭ്യത അനുസരിച്ച് നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly